(ബി) ജനസമ്പർക്ക പരിപാടി 'കരുതൽ 2015'-ൽ രോഗശയ്യയിൽ കിടക്കുന്നവരെ കൊണ്ടുവന്ന് ബുദ്ധിമുട്ടിക്കരുതെന്ന് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. മാത്രമല്ല അപേക്ഷ നൽകിയ ഇത്തരം ആളുകളുടെ വീടുകളിൽ പ്രത്യേകം നിയമിച്ച ഓഫീസർമാർ, ഡോക്ടർമാരുടെ സഹായത്തോടെ നേരിൽ ചെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാനുള്ള സംവിധാനം ഒരുക്കിയിരുന്നു.

(സി) ബന്ധപ്പെട്ടവരിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധി

84 (2903) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ചികിത്സാസഹായ നിധിയിൽ നിന്ന് എത്രപേർക്ക് ധനസഹായമനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചുവെന്നും എത്ര തുക അനുവദിച്ചുവെന്നും അസംബ്ലി നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ദുരിതാശ്വാസനിധിയിൽനിന്ന് എത്ര പേർക്ക് പണമനുവദിച്ചുവെന്ന് അസംബ്ലി നിയോജകമണ്ഡലം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ; അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 3-7-2015 വരെ 4,39,026 പേർക്ക് 498,61,38,381 രൂപ (നാനൂറ്റി തൊണ്ണൂറ്റിയെട്ട് കോടി അറുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി മൂന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി&സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെയും വിതരണം ചെയ്ത തുകയെയും സംബന്ധിച്ചുള്ള കണക്കുകൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly